# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 14, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി**

**<u>പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ക്വാളിറ്റി കൺട്രോൾ</u>**

*151 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരിക-മാനസിക-സാമൂഹ്യ വെല്ലുവിളികൾ നേരിടുന്ന രോഗികളുടെയും കുടുംബാംഗങ്ങളുടെയും ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്ന ഒരു സമഗ്ര സമീപനമായാണ് പാലിയേറ്റീവ് കെയറിനെ ലോകാരോഗ്യ സംഘടന നിർവചിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇന്ത്യയിൽ ആദ്യമായി പാലിയേറ്റീവ് കെയർ നയം പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണോ എന്നറിയിക്കുമോ; പാലിയേറ്റീവ് പരിചരണം ശാസ്ത്രീയമാക്കാനായി പ്രത്യേക കർമ്മ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രിയപ്പെട്ടവരുടെ മരണത്തെത്തുടർന്ന് ഉടലെടുക്കുന്ന വിയോഗാനുഭവവും വ്യഥയും ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ 'ബെറീവ്മെന്റ് കമ്പാനിയൻഷിപ്പ് പ്രോഗ്രാം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പാലിയേറ്റീവ് കെയർ സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന തലത്തിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; രജിസ്റ്റർ ചെയ്യുന്ന പാലിയേറ്റീവ് പരിചരണ യൂണിറ്റുകൾക്കുവേണ്ടി ക്വാളിറ്റി കൺട്രോൾ സംവിധാനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>സംസ്ഥാന ജലപാത</u>**

*152 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലപാതയായ ഈസ്റ്റ് വെസ്റ്റ് കനാൽ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കോവളം മുതൽ ബേക്കൽ വരെയുള്ള പ്രസ്തുത ജലപാതയിൽ എത്ര കിലോമീറ്റർ ദൂരമാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും അതിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കുമോ?

## <u>ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി</u>

*153 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവ്യാപകമായി ലഹരിക്കെതിരെ ബോധവൽക്കരണ പ്രചാരണങ്ങളും ജനകീയ മുന്നേറ്റങ്ങളും വർധിക്കുമ്പോഴും ജനങ്ങളിൽ ലഹരിയുടെ സ്വാധീനം വർധിക്കുന്നത് ആശങ്കയുണർത്തുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇന്റർനാഷണൽ നാർക്കോട്ടിക് കൺട്രോൾ ബോർഡിന്റെ കണക്കനുസരിച്ച് രാജ്യം മയക്കുമരുന്ന് കടത്തിന്റെ പ്രധാന കേന്ദ്രമായി മാറിയത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുരുന്ന വിദ്യാർഥികൾക്കിടയിൽ ഉൾപ്പെടെയുള്ള ലഹരി വ്യാപനത്തെ പ്രതിരോധിക്കാൻ ഉപരിപ്ലവമായ നടപടികൾ മാത്രം പോരെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂൾ പരിസരങ്ങളിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ നിരന്തര നിരീക്ഷണം ഏർപ്പെടുത്തുവാനും സ്കൂളുകളിൽ പ്രദേശിക തലങ്ങളിലുള്ള ജാഗ്രതാ സമിതികളിലൂടെ നിരീക്ഷണം ശക്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയതായി എത്തുന്ന കൃത്രിമ ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി ശക്തമാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ നാർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്റ്റിൽ ഉൾപ്പെട്ട മയക്കുമരുന്നുകളുടെ പട്ടിക പരിഷ്കരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കുടുംബശ്രീയുടെ സ്മാർട്ട് അഗ്രികൾച്ചർ പദ്ധതി</u>

*154 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ശ്രീമതി യു പ്രതിഭ**

**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങൾക്ക് കാർഷിക മേഖലയിൽ ഡ്രോൺ ഉപയോഗപ്പെടുത്തി സ്മാർട്ട് അഗ്രികൾച്ചർ എന്ന ആശയം പ്രാവർത്തികമാക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; കുടുംബശ്രീ ഏതെല്ലാം സ്ഥാപനങ്ങളുമായി യോജിച്ചാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശം നൽകാമോ;

(സി) കുടുംബശ്രീ അംഗങ്ങൾക്ക് കാർഷിക രംഗത്ത് മെച്ചപ്പെട്ട ഉല്പാദനക്ഷമതയും തൊഴിലവസരങ്ങളും വരുമാനവും കൈവരിക്കാൻ കഴിയുംവിധം പ്രസ്തുത പദ്ധതി പുരോഗമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>പരിസ്ഥിതി ഓഡിറ്റിംഗ്</u>

*155 **ഡോ. എം. കെ. മുനീർ**

**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉരുൾപൊട്ടൽ ദുരന്തങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ പരിസ്ഥിതി ഓഡിറ്റിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പരിസ്ഥിതി ലോലപ്രദേശങ്ങളുടെ ഉപയോഗം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്താകെ ജിയോ മാപ്പിംഗ് നടത്തുന്നതിനും ഇക്കാര്യത്തിൽ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>മധ്യവയസ്കരിലും യുവാക്കളിലും പെട്ടെന്നുണ്ടാകുന്ന മരണം</u>

*156 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മധ്യവയസ്കരിലും യുവാക്കളിലും പെട്ടെന്നുണ്ടാകുന്ന മരണങ്ങളുടെ നിരക്ക് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണ്ടെത്തലുകൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

## <u>നോർക്കാ റൂട്ട്സിന്റെ പ്രവർത്തനങ്ങൾ</u>

*157 **ശ്രീ. ഐ. ബി. സതീഷ്**

**ശ്രീ. പി. നന്ദകുമാർ**

**ശ്രീമതി ശാന്തകുമാരി കെ.**

**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന നോർക്ക-റൂട്സിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വ്യവസ്ഥാപിതവും നിയമപരവും സുരക്ഷിതവുമായ കുടിയേറ്റത്തിന് നോർക്ക-റൂട്സ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നോർക്ക-റൂട്സ് വഴി ഏതെല്ലാം തലങ്ങളിലേക്ക് എത്ര വീതം റിക്രൂട്ട്മെന്റുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) തൊഴിൽ റിക്രൂട്ട്മെന്റിന് മുമ്പായി ഉദ്യോഗാർത്ഥികളെ തയ്യാറാക്കി എടുക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) നോർക്ക-റൂട്സിന്റെ പ്രവർത്തനങ്ങൾ തുടർന്ന് കൂടുതൽ കാര്യക്ഷമതയോടെയും സുതാര്യതയോടെയും നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

## റോബോട്ടിക് സർജറികൾ

*158 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ചികിത്സാ സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) റീജിയണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും ഹൈടെക് ചികിത്സയായ റോബോട്ടിക് സർജറികൾ നടപ്പാക്കാൻ കഴിഞ്ഞത് ഈ രംഗത്ത് കൈവരിച്ച വലിയ നേട്ടമായി വിലയിരുത്തിയിട്ടുണ്ടോ;

(സി) സർക്കാർ ആശുപത്രികളിലൂടെ ഹൈടെക് ചികിത്സാ സങ്കേതങ്ങൾ സാധാരണക്കാർക്കുകൂടി പ്രയോജനപ്പെടുത്തിയതു വഴി കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും പ്രസ്തുത സർജറി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കുടുംബശ്രീ നടപ്പിലാക്കുന്ന സൂക്ഷ്മ സംരംഭങ്ങൾ

*159 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് വ്യത്യസ്ത ഉപജീവന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ നടപ്പിലാക്കിവരുന്ന സൂക്ഷ്മ സംരംഭങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുടുംബശ്രീ അംഗങ്ങളായ വനിതകളോ അവരുടെ കുടുംബാംഗങ്ങളോ തങ്ങളുടെ സംരംഭകത്വ വാസനയ്ക്കും തൊഴിൽ പരിപാലനത്തിനും അനുസരിച്ച് ആർ.എം.ഇ., യുവശ്രീ എന്നീ കുടുംബശ്രീ പദ്ധതികൾ പ്രകാരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംരംഭങ്ങൾ തുടങ്ങാൻ താല്പര്യപ്പെടുന്നവർക്കും നിലവിലുള്ളത് വിപുലീകരിക്കാൻ ആഗ്രഹിക്കുന്നവർക്കും എന്തെല്ലാം സഹായങ്ങളാണ് കുടുംബശ്രീ നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് കുടുംബശ്രീ ആരംഭിച്ച സംരംഭങ്ങൾ എന്തൊക്കെയാണെന്നും അതിൽ എത്ര സംരംഭങ്ങൾക്ക് വിവിധ ധനസഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

## <u>മുഖ്യമന്ത്രിയുടെ അഭിമുഖം</u>

*160 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രതിച്ഛായ വർദ്ധിപ്പിക്കുന്നതിനായി പി.ആർ. ഏജൻസികൾ മുഖേന പ്രചാരണം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പി.ആർ. ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2024 സെപ്റ്റംബർ 29ന് ഡൽഹി കേരള ഹൗസിൽ വച്ച് മുഖ്യമന്ത്രി 'ദി ഹിന്ദു' ദിനപത്രത്തിന് നൽകിയ അഭിമുഖം പി.ആർ. ഏജൻസി മുഖേന നടത്തിയതാണോ; എങ്കിൽ ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അഭിമുഖം നടന്ന സ്ഥലത്ത് പി.ആർ. ഏജൻസികളുടെ പ്രതിനിധികൾ സന്നിഹിതരായിരുന്നോ; മുഖ്യമന്ത്രിയെയും പത്രപ്രതിനിധിയെയും കൂടാതെ ആരൊക്കെയാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വർണ്ണ കള്ളക്കടത്തുമായി ബന്ധപ്പെടുത്തി മലപ്പുറം ജില്ലയെ സംബന്ധിക്കുന്ന എന്തെങ്കിലും പരാമർശം പ്രസ്തുത അഭിമുഖത്തിൽ മുഖ്യമന്ത്രി നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മുഖ്യമന്ത്രിയുടെ പേരിൽ അത്തരമൊരു പ്രസ്താവന അഭിമുഖത്തിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടതായി 'ദി ഹിന്ദു' ദിനപത്രം വെളിപ്പെടുത്തിയ പി.ആർ. ഏജൻസിക്കും ആയത് പ്രസിദ്ധീകരിച്ച പ്രസ്തുത ദിനപത്രത്തിനും എതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## <u>വ്യാജ ഡോക്ടർമാരുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി</u>

*161 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ഡോക്ടർമാരുടെ പ്രവർത്തനം നിയന്ത്രിക്കാൻ കഴിയാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) എം.ബി.ബി.എസ്. പരീക്ഷ പരാജയപ്പെട്ട വ്യാജ ഡോക്ടർ വരുത്തിയ ചികിത്സാപിഴവിനെ തുടർന്ന് കോഴിക്കോട് കടലുണ്ടിയിലെ സ്വകാര്യ ആശുപത്രിയിൽ രോഗി മരിച്ച സംഭവത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) രോഗികളുടെ ജീവൻ തന്നെ അപകടത്തിലാക്കുന്ന രീതിയിൽ വ്യാജ ഡോക്ടർമാർ വർഷങ്ങളായി പ്രവർത്തിക്കുമ്പോഴും അത് കണ്ടെത്തി തടയാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

<u>**വയനാട് പുനരധിവാസത്തിനുള്ള മാതൃക ടൗൺഷിപ്പ് പദ്ധതി**</u>

*162 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനായി മാതൃക ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ധ സംഘം ടൗൺഷിപ്പിനായി കണ്ടെത്തിയ സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വിവരിക്കാമോ;

(ബി) ഇതിൽ ടൗൺഷിപ്പ് സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമെന്ന് വിലയിരുത്തപ്പെട്ട സ്ഥലം സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ; പ്രസ്തുത സ്ഥലങ്ങളിൽ സർവേ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) 2005-ലെ ദുരന്തനിവാരണ നിയമപ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(ഡി) പുനരധിവാസ മാതൃകാ ടൗൺഷിപ്പ് പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(ഇ) മുൻകാല പുനരധിവാസ പദ്ധതിയിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം പ്രത്യേകതകളാണ് ഇതിലൂടെ കൈവരിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ?

<u>**പൊതുവിതരണ മേഖലയിലൂടെ ചെറുധാന്യവിതരണം**</u>

*163 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-നെ ചെറുധാന്യ വർഷമായി കേന്ദ്രസർക്കാരും ഐക്യരാഷ്ട്ര സംഘടനയും പ്രഖ്യാപിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പൊതുവിതരണ മേഖലയിലൂടെ ചെറുധാന്യങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ജീവിതശൈലി രോഗങ്ങളെ ചെറുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ റേഷൻ കടകളിൽ റാഗി ഉൾപ്പെടെയുള്ള ചെറുധാന്യങ്ങളുടെ വിതരണം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) റേഷൻ കടകളിലൂടെ റാഗി വിതരണം ചെയ്യാനുള്ള പദ്ധതി ഗോത്രമേഖലയിലെ തനതു ഭക്ഷണ പാരമ്പര്യം തിരികെ പിടിക്കുന്നതിനും അതുവഴി ഗോത്ര മേഖലയുടെ ശാക്തീകരണത്തിനും വഴിയൊരുക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>'നോർക്ക റൂട്ട്സ്' നടത്തിവരുന്ന പ്രവർത്തനങ്ങൾ</u>**

*164 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ എം മുകേഷ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനം, തൊഴിൽ, ബിസിനസ്, മറ്റാവശ്യങ്ങൾ എന്നിവയ്ക്കായി വിദേശത്തേയ്ക്ക് പോകുന്ന അവസരത്തിൽ മാതൃരാജ്യത്തു നിന്നുള്ള വിദ്യാഭ്യാസ വ്യക്തിവിവര സർട്ടിഫിക്കറ്റുകൾ ആധികാരികമാണെന്ന് തെളിയിക്കുന്നതിനുള്ള അറ്റസ്റ്റേഷൻ നടത്തുന്നതിന് 'നോർക്ക റൂട്ട്സ്' നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററുകൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കുമോ;

(സി) അറ്റസ്റ്റേഷനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും അതിനാവശ്യമായ രേഖകൾ എന്തെല്ലാമാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) 'നോർക്ക റൂട്ട്സ്' സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റുകൾ ഏതെല്ലാമാണെന്ന വ്യക്തമാക്കുമോ?

**<u>പൊതുജനാരോഗ്യ മേഖലയെ മുൻപന്തിയിൽ എത്തിക്കാനുള്ള പദ്ധതികൾ</u>**

*165 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുജനാരോഗ്യ മേഖലയെ രാജ്യത്ത് മുൻപന്തിയിൽ എത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിയ ശ്രദ്ധേയമായ പദ്ധതികൾ എതെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഏതെല്ലാം മേഖലകളിലാണ് ആരോഗ്യരംഗം ദേശീയ ശരാശരിയിൽ മുൻനിരയിൽ എത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) അവയവമാറ്റ ശസ്ത്രക്രിയകൾ സുരക്ഷിതവും സുതാര്യവുമായി നടത്തുന്നതിനും സാമ്പത്തിക ബുദ്ധിമുട്ടുള്ള സാധാരണക്കാർക്കും ചികിത്സ ലഭ്യമാക്കുന്നതിനും നടപ്പാക്കിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ് എന്നറിയിക്കുമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം ഏതെല്ലാം ആശുപത്രികളിൽ ഏതൊക്കെ അവയവമാറ്റ ശസ്ത്രക്രിയകളാണ് നാളിതുവരെ വിജയകരമായി നടപ്പാക്കിയതെന്നും മികച്ച സൗകര്യങ്ങളൊരുക്കി കൂടുതൽ സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ വ്യാപിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

## മഞ്ചേശ്വരം തെരഞ്ഞെടുപ്പ് കോഴക്കേസ്

*166 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം തെരഞ്ഞെടുപ്പ് കോഴക്കേസിൽ ഒരു പ്രമുഖ പാർട്ടിയുടെ സംസ്ഥാന അധ്യക്ഷൻ ഉൾപ്പെടെയുള്ളവരെ കുറ്റവിമുക്തരാക്കിയ കോടതി നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിൽ പോലീസിനും പ്രോസിക്യൂഷനും വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തു തുടർനടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

## നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം

*167 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സിൽ രാജ്യത്ത് ഏറ്റവും ഉയർന്ന സ്കോർ നേടി സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആരോഗ്യമേഖലയിൽ, പ്രത്യേകിച്ച് അടിസ്ഥാനസൗകര്യ വികസന മേഖലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയായി ഇതിനെ വിലയിരുത്തുന്നുണ്ടോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ താലൂക്ക്-ജില്ലാ ആശുപത്രികളുടെയും നിലവാരം ഉറപ്പാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

**<u>സപ്ലൈകോ വിൽപനശാലകൾ</u>**

*168 **ശ്രീ. എം. എം. മണി**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വിൽപനശാലകൾ കാലാനുസൃതമായി നവീകരിക്കുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്വീകരിച്ച പുതിയ നടപടികൾ പ്രതിദിന വിൽപ്പനയിലുണ്ടാക്കിയ പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത നടപടികൾ ഉത്സവ കാലങ്ങളിലെ വിലക്കയറ്റം പിടിച്ചു നിർത്താൻ ഫലപ്രദമായിരുന്നെന്ന് വിലയിരുത്തിയിട്ടുണ്ടോ; ജില്ലാ-താലൂക്ക് എന്നീ തലങ്ങളിലുള്ള സ്പെഷ്യൽ മാർക്കറ്റുകൾ എത്രമാത്രം പ്രയോജനപ്രദമായിരുന്നുവെന്ന് വിശദമാക്കുമോ;

(ഡി) സബ്സിഡി സാധനങ്ങളുടെ ഗുണനിലവാരവർദ്ധന, ബ്രാൻഡഡ് ഉത്പന്നങ്ങളുടെ വില്പന എന്നിവ വഴി പുതിയ വിഭാഗം ഉപഭോക്താക്കളെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്</u>**

*169 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികളിൽ വരെ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കിടപ്പു രോഗികളെ വീട്ടിൽ പോയി പരിശോധിക്കാനോ ചികിത്സിക്കാനോ പാടില്ലെന്ന നിബന്ധനയുണ്ടോ; വ്യക്തമാക്കുമോ;

(സി) നിയന്ത്രണങ്ങളിൽ ഡോക്ടർമാർ എതിർപ്പ് അറിയിച്ചിട്ടുണ്ടോ; അവരുടെ ആശങ്കകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

**<u>ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ</u>**

*170 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. ആൻസലൻ**

**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാദിനവുമായി ബന്ധപ്പെട്ട് 'ഫുഡ് സേഫ്റ്റി ഈസ് എവരിവൺസ് ബിസിനസ്' എന്ന ലോകാരോഗ്യ സംഘടനയുടെ സന്ദേശം ഉൾക്കൊണ്ട് സംസ്ഥാനത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഭക്ഷ്യസുരക്ഷ പരിശോധനയിലും കുറ്റക്കാർക്ക് പിഴ ചുമത്തുന്നതിലും കൈവരിച്ചിട്ടുള്ള വർദ്ധനവ് എപ്രകാരമാണെന്ന് അറിയിക്കാമോ;

(സി) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും സ്പെഷ്യൽ ടാസ്ക് ഫോഴ്സ് (ഇന്റലിജന്റ്സ്) രൂപീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഭക്ഷ്യസുരക്ഷാ പരിശോധനയിൽ ബാഹ്യ സമ്മർദ്ദം ഉണ്ടാകാതിരിക്കുന്നതിനും പരിശോധനകൾ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിനും എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്താമോ?

**<u>തിരുവനന്തപുരം ക്യാൻസർ സെന്റർ നവീകരണം.</u>**

*171 **ശ്രീ ഡി കെ മുരളി**
**ശ്രീ കെ യു ജനീഷ് കുമാർ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ള അത്യാധുനിക ചികിത്സാസംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ആർ.സി.സി.യുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും പശ്ചാത്തല സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) അർബുദ ചികിത്സ തേടുന്നവരുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവിനനുസരിച്ച് ഡോക്ടർമാരെയും പാരാമെഡിക്കൽ, മിനിസ്റ്റീരിയൽ ജീവനക്കാരെയും നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കേരള ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം ആർ.സി.സി.യിലെ നിയമനങ്ങൾ കെ.പി.എസ്.സി.യ്ക്ക് കൈമാറിയിട്ടുണ്ടോ; ഇത് സംബന്ധിച്ച സ്പെഷ്യൽ റൂൾ ആർ.സി.സി. അധികൃതർ സർക്കാരിന് കൈമാറിയിട്ടുണ്ടോ; ഇതിന് പി.എസ്.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള ഒഴിവുകൾ നികത്തി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ഭക്ഷ്യസുരക്ഷാ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ</u>**

*172 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) "നല്ല ഭക്ഷണം നാടിന്റെ അവകാശം" എന്ന ആപ്ത വാക്യം സാക്ഷാൽക്കരിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഭക്ഷ്യസുരക്ഷാ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി ദേശീയ ഭക്ഷ്യസുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സുസ്ഥിരവും ആരോഗ്യകരവുമായ നിലനിൽപ്പിനായി ഭക്ഷ്യസുരക്ഷാ വകുപ്പിൽ എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് ക്രിമിനൽ കുറ്റമാണെന്ന് ബോധ്യപ്പെടുത്തുന്നതിനും മായം ചേർക്കുന്നവരെ കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>ലബോറട്ടറി സേവനങ്ങളുടെ വിപുലീകരണം</u>

*173 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാകുന്ന ലബോറട്ടറി സേവനങ്ങൾക്കും സൗകര്യങ്ങൾക്കും ഏകീകൃത സ്വഭാവമില്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആർദ്രം മിഷന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള സർക്കാർ ആശുപത്രികളിൽ ഏകീകൃത മാതൃകയിൽ നിശ്ചിത തരം ലബോറട്ടറി പരിശോധനകൾ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സർക്കാർ മേഖലയിലെ ലബോറട്ടറി സേവനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹബ് & സ്പോക്ക് മാതൃകയിൽ ലബോറട്ടറി നെറ്റ്‌വർക്ക് സംവിധാനം എല്ലാ ജില്ലകളിലും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സങ്കീർണ്ണ രോഗനിർണ്ണയത്തിന് സ്വകാര്യലാബുകൾ മുഖേനയുള്ള ലബോറട്ടറി പരിശോധനകൾ വളരെ ചെലവേറിയതാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏകാരോഗ്യം പദ്ധതിയിൽ ഉൾപ്പെടുത്തി സങ്കീർണ്ണ രോഗ നിർണ്ണയത്തിനായി അത്യാധുനിക ഉപകരണങ്ങൾ ഉൾപ്പെടുന്ന ലബോറട്ടറികൾ സജ്ജീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## സ്ത്രീകളുടെയും കുട്ടികളുടെയും വയോജനങ്ങളുടെയും ആരോഗ്യ പരിപാലനം

*174 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിപാലന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ;

(ബി) ട്രാൻസ്ജെൻഡറുകൾ ഉൾപ്പടെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) വയോജന ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ട് എന്തെല്ലാം പുതിയ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് വന്നിട്ടുള്ളതെന്ന് വിശദാംശം നൽകാമോ?

## എ.ഡി.ജി.പി.ക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ട്

*175 **ശ്രീമതി കെ. കെ. രമ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.ക്കെതിരെ ഭരണകക്ഷി എം.എൽ.എ. ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ഡി.ജി.പി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഭരണകക്ഷി എം.എൽ.എ.യുടെ ആരോപണങ്ങളിൽ എ.ഡി.ജി.പി. കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കുറ്റകൃത്യങ്ങൾ ചെയ്തതായാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) അന്വേഷണ കാലയളവിൽ ആരോപണവിധേയനായ എ.ഡി.ജി.പി.യെ ക്രമസമാധാന ചുമതലയിൽ നിന്നും മാറ്റാതിരുന്നത് അന്വേഷണത്തെ സ്വാധീനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## എസ്.എ.ടി. ആശുപത്രിയിൽ വൈദ്യുതി മുടങ്ങിയ സംഭവത്തിൽ നടപടി

*176 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എ.ടി. ആശുപത്രിയിൽ മണിക്കൂറുകളോളം വൈദ്യുതി മുടങ്ങിയതിനെത്തുടർന്ന് പ്രസവ ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ളവ ടോർച്ച് വെളിച്ചത്തിൽ നടത്തേണ്ടിവന്ന സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആറുമാസത്തിലൊരിക്കലുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് അനുമതി നൽകുന്നതിൽ ആശുപത്രി അധികൃതർ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധിയ്ക്ക് കാരണമായവർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ബി.സി.ഐ.602 ബോൺ ബ്രിഡ്ജ് ശസ്ത്രക്രിയ</u>

*177 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയതലത്തിൽ മികച്ച ആശുപത്രികളിൽ മാത്രം നടത്തുന്ന അത്യപൂർവമായ ശസ്ത്രക്രിയകൾ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ വിജയകരമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പൊതുജനാരോഗ്യ മേഖലയിൽ ഈ സർക്കാർ നടത്തുന്ന ശാസ്ത്രീയവും ആത്മാർത്ഥവുമായ ഇടപെടലുകളുടെയും ആസൂത്രണത്തിന്റെയും അനന്തരഫലമായാണ് ഈ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) രാജ്യത്ത് അപൂർവ്വമായി മാത്രം നടന്നിട്ടുള്ള 'ബോൺ കണ്ടക്ഷൻ ഇംപ്ലാന്റ് (ബി.സി.ഐ.602) ബോൺ ബ്രിഡ്ജ് ശസ്ത്രക്രിയ' കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിജയകരമായി നടപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയതെന്ന് അറിയിക്കാമോ;

(ഡി) ഇതുവരെ നടന്ന പ്രസ്തുത ശസ്ത്രക്രിയകളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>ദേശീയപാത വികസന അതോറിറ്റിക്ക് പ്രത്യേക ഫണ്ട്</u>

*178 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തെ ദേശീയപാത വികസന അതോറിറ്റിക്ക് പ്രത്യേക ഫണ്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ദേശീയപാതകൾക്ക് എന്തു തുക വീതമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഏതെല്ലാം ദേശീയപാതകളുടെ വികസനത്തിനാണ് ഫണ്ട് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) തുടർന്നും ഏതെങ്കിലും ദേശീയ പാതയുടെ വികസനത്തിനായി കേന്ദ്രം ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) രാജ്യത്തെ മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രം ഇപ്രകാരം തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## <u>സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള നടപടി</u>

*179 **ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സൗകര്യങ്ങൾ വർദ്ധിക്കുകയും ഡിജിറ്റൽ ഇടപാടുകൾ കൂടുതലായി ജനങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഇടപാടുകളുടെ ഉപയോഗത്തിൽ സൈബർ സുരക്ഷ ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ടെലിഗ്രാം ആപ്പിലൂടെ നടത്തുന്ന ഓൺലൈൻ ട്രേഡിംഗിലൂടെ വീട്ടിലിരുന്ന് പണമുണ്ടാക്കാമെന്ന് വാഗ്ദാനം ചെയ്ത് സംസ്ഥാനത്തു ഒട്ടേറെപ്പേരുടെ പണം തട്ടിയെടുത്തതായി പൊലീസ് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം തട്ടിപ്പുകൾ അവസാനിപ്പിക്കുന്നതിന് സംസ്ഥാന പൊലീസിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്ത്രീകളും കുട്ടികളുമാണ് സൈബർ തട്ടിപ്പുകളിൽ കൂടുതലായി ഇരയാക്കപ്പെടുന്നതെന്നത് പരിഗണിച്ച് അവരുടെ സുരക്ഷ ഉറപ്പാക്കാൻ മുൻഗണന നൽകിക്കൊണ്ടുള്ള സൈബർ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; 'വെർച്വൽ അറസ്റ്റ്' ഉൾപ്പെടെ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ആവശ്യമായ ഇടപെടലുകൾ നടത്തുന്ന തരത്തിൽ പോലീസ് സേനയുടെ പ്രവർത്തനം വിപുലമാക്കിയിട്ടുണ്ടോയെന്നു വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സൈബർ കുറ്റകൃത്യങ്ങളുടെ ഉറവിടങ്ങളുടെ വലിയൊരു ശതമാനവും മറ്റു സംസ്ഥാനങ്ങളിലാണെന്നത് പരിഗണിച്ച് കേന്ദ്രസർക്കാരുമായി സഹകരിച്ച് സൈബർ കുറ്റാന്വേഷണം ത്വരിതപ്പെടുത്തുന്നതിന് സംസ്ഥാന പൊലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സുജലം പദ്ധതി</u>

*180 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധമായ കുടിവെള്ളം മിതമായ നിരക്കിൽ എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'സുജലം' എന്ന പുതിയ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി റേഷൻ കടകളിലൂടെ നടപ്പാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രാഥമികമായി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ഒക്‌ടോബർ 7, തിങ്കൾ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].